(സി) അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.†

100 (100) റേഷനരിയുടെ വില വർദ്ധനവ്

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മേയ് മാസത്തിൽ പൊതുവിപണിയിൽ അരിയുടെ വില എന്തായിരുന്നു;

(ബി) റേഷനരിയുടെ വില എന്തായിരുന്നു;

(സി) 1999 മേയ് മാസത്തിൽ പൊതുവിപണിയിലെ അരി വില എന്തായിരുന്നു;

(ഡി) റേഷൻ അരിയുടെ വില എന്തായിരുന്നു;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ റേഷൻ അരിയുടെ വില വർദ്ധിപ്പിച്ചു;

(എഫ്)ഓരോ തവണയും വിലയിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996 മേയ് മാസത്തിൽ പൊതുവിപണിയിൽ അരിയുടെ സംസ്ഥാന ശരാശരി വില നാടൻ അരി കിലോയ്ക്ക് 10.27 രൂപയും വെള്ള അരിക്ക് 9.84 രൂപയും ആയിരുന്നു.

(ബി) 1996 മേയ് മാസത്തിൽ റേഷനരിയുടെ വില താഴെ കൊടുത്തിരിക്കുന്നു.

കോമൺ അരി	-	5.70 രൂപ മുതൽ 5.75 വരെ
ഫൈൻ	-	6.51 രൂപ മുതൽ 6.96 വരെ
സൂപ്പർ ഫൈൻ	-	6.33 രൂപ മുതൽ 6.38 വരെ

(സി) 1999 മേയ് മാസത്തിൽ പൊതുവിപണിയിൽ അരിയുടെ ശരാശരി വില നാടൻ അരി കിലോഗ്രാമിന് 13.11 രൂപയും വെള്ള അരിയ്ക്ക് 13.27 രൂപയും ആയിരുന്നു.

(ഡി) 1999 മേയ് മാസത്തിൽ റേഷനരിയുടെ വില താഴെ കൊടുത്തിരിക്കുന്ന പ്രകാരമായിരുന്നു.

	കി. ഗ്രാമിന്	
കോമൺ അരി	-	3.90 രൂപ
(ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക്)		
'എ' ഗ്രേഡ് അരി	-	8.60 രൂപ
(സംസ്ഥാന സർക്കാർ സബ്സിഡി)		
നോർമൽ അരി	-	9.60 രൂപ
('എ' ഗ്രേഡ് അരി)		

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ റേഷനരിയുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ കേന്ദ്ര വിൽപ്പന വിലയുടെ വർദ്ധനവനുസരിച്ച് വില മൂന്നുതവണ (1.6.97, 1.12.97, 29.1.99 തീയതികളിൽ) പുതുക്കി നിശ്ചയിക്കുകയുണ്ടായി.

(എഫ്) ഓരോ തവണയും വിലയിൽ ഉണ്ടായ വ്യത്യാസം താഴെ കൊടുത്തിരിക്കുന്നു.

	1.6.97	1.12.97	29.1.99
	കിലോഗ്രാം		
കോമൺ അരി	5.70-ൽ നിന്നും 3.90 ആയി കുറഞ്ഞു	വില വ്യത്യാസമില്ല	വില വ്യത്യാസമില്ല
ഫൈൻ അരി	6.51-ൽ നിന്നും 6.90 ആയി വർദ്ധിച്ചു	'എ' ഗ്രേഡ് അരിയ്ക്ക് കി. ഗ്രാമിന് 6.90-ൽ നിന്ന് 7.50 ആയി വർദ്ധിച്ചു	7.50-ൽ നിന്നും 9.60 ആയി വർദ്ധിച്ചു. സംസ്ഥാന സബ്സിഡിയോടെ ആഴ്ചയിൽ 4 കിലോഗ്രാം വരെ 8.60 രൂപയ്ക്ക് ലഭിക്കുന്നു.
സൂപ്പർ ഫൈൻ	6.82-ൽ നിന്നും 7.90 ആയി വർദ്ധിച്ചു		

101 (101) റേഷൻ റീട്ടെയിൽ വ്യാപാരികൾക്കുള്ള കമ്മീഷൻ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ റീട്ടെയിൽ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിച്ചു നൽകുന്നത് സംബന്ധിച്ചു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സിവിൽ സപ്ലൈസ് കമ്മിഷണറെ ഏകാംഗ കമ്മിഷനായി നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

102 (102) റേഷൻ സാധനങ്ങളുടെ വിലവർദ്ധനവ്

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേന്ദ്ര ഗവൺമെന്റ് എപ്പോഴെല്ലാം റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്; എത്ര വീതമാണ് വർദ്ധിപ്പിച്ചത്;

(ബി) കേന്ദ്രം റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചപ്പോൾ ഓരോ പ്രാവശ്യവും സംസ്ഥാന ഗവൺമെന്റ് എത്ര വീതം വിലകൂട്ടി;

LIBRARY ARCHIVES Kerala Legislative Assembly